## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5073 — 01.07.2013 ൽ മറുപടിയ്ക്ക്

### യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സ്പോർട്സ് കിറ്റുകൾ

**ചോദ്യം**

ശ്രീ. പി.സി. വിഷ്ണുനാഥ്
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. വിറ്റി.ബൽറാം
ശ്രീ. ഹൈബി ഈഡൻ

**മറുപടി**

കുമാരി. പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സ്പോർട്സ് കിറ്റുകൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ക്ലബ്ബുകൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സർക്കാർ / എയ്ഡഡ് സ്കൂളുകൾക്കും ഫുട്ബോൾ (2 എണ്ണം), വോളിബോൾ (2 എണ്ണം), വോളിബോൾ നെറ്റ് (1), ഷട്ടിൽ ബാറ്റ് (4 എണ്ണം), ഷട്ടിൽ കോർക്ക് (1 പായ്ക്കറ്റ്), ക്രിക്കറ്റ് ബോൾ (2 എണ്ണം), ക്രിക്കറ്റ് സ്റ്റമ്പ് (2 സെറ്റ്), ക്രിക്കറ്റ് ബാറ്റ് (2 എണ്ണം), ചെസ്ബോർഡ് (2 എണ്ണം), സ്കിപ്പിംഗ് റോപ്പ് (5 എണ്ണം), ഷട്ടിൽ നെറ്റ് (1 എണ്ണം) എന്നിവ ഉൾപ്പെട്ട സ്പോർട്സ് കിറ്റ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ക്ലബ്ബുകൾക്കും കായികമായി പിന്നോക്കം നിൽക്കുന്ന സർക്കാർ / എയ്ഡഡ് സ്കൂളുകൾക്കും കായിക ഉപകരണങ്ങൾ ലഭ്യമാക്കി, കേരളത്തിലെ യുവതീ യുവാക്കൾക്ക് കായിക പരിശീലനം നടത്തുന്നതിന് അവസരമൊരുക്കുന്നതിനും യുവജനക്ലബ്ബുകളെ ശക്തിപ്പെടുത്തുന്നതിനും യുവതീ യുവാക്കളുടെ ശാരീരിക ശേഷി മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ് പ്രസ്തുത പദ്ധതി. |

| | | | |
|---|---|---|---|
| (സി) | ആർക്കെല്ലാമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | ജില്ലാടിസ്ഥാനത്തിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്കും തിരഞ്ഞെടുക്കപ്പെടുന്ന സർക്കാർ / എയ്ഡഡ് സ്കൂളുകൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ജില്ലാ ഓഫീസർ മുഖേന ഓരോ ജില്ലയിലും പത്ര പരസ്യം നൽകി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന പത്രപരസ്യം വഴി സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുകയും അതു പ്രകാരം അഞ്ച് കമ്പനികളിൽ നിന്നും ക്വട്ടേഷൻ ലഭിക്കുകയും ചെയ്തു. സ്പോർട്സ് കിറ്റ് ഉപകരണങ്ങളുടെ ഗുണനിലവാരവും ഈടു നിൽപ്പും പരിശോധിക്കുന്നതിന് സെക്രട്ടറി, (കേരള സ്പോർട്സ് കൌൺസിൽ), ടെക്നിക്കൽ ഓഫീസർ, (കേരള സ്പോർട്സ് കൌൺസിൽ), ഫുട്ബോൾ കോച്ച്, ക്രിക്കറ്റ് കോച്ച്, ബാഡ്മിന്റൺ കോച്ച്, മെമ്പർ സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ടെക്നിക്കൽ കമ്മിറ്റിയും, ഡയറക്ടർ, (സ്പോർട്സ് & യൂത്ത് അഫയേഴ്സ്) സെക്രട്ടറി (കേരള സ്പോർട്സ് കൌൺസിൽ), ടെക്നിക്കൽ ഓഫീസർ, (കേരള സ്പോർട്സ് കൌൺസിൽ) എക്സ്പേർട്ട് മെമ്പർ, (കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്) എന്നിവരെ ഉൾപ്പെടുത്തി പർച്ചെയ്സ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ലഭിച്ച ക്വട്ടേഷനുകളിൽ നിന്നും 2 കമ്പനികളുടെ സ്പോർട്സ് ഉൽപ്പന്നങ്ങൾ ടെക്നിക്കൽ കമ്മിറ്റി തെരഞ്ഞെടുക്കുകയും പ്രസ്തുത കമ്പനികളോട് സ്പോർട്സ് കിറ്റിൽ ഉൾപ്പെടുന്ന 11 ഇനങ്ങളും ഒരു കിറ്റിൽ ഉൾപ്പെടുത്തി ആയവ ജില്ലാ യുവജനകേന്ദ്രങ്ങളിൽ എത്തിക്കുന്നതിനുള്ള നിരക്ക് കൂടി ക്വോട്ട് ചെയ്ത് അറിയിക്കുവാൻ നിർദ്ദേശിച്ചതനുസരിച്ച് സമർപ്പിച്ചിട്ടുള്ള വിശദ വിവരങ്ങൾ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ